**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3245** **25-10-2021 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ജില്ലയിലെ പ്രൈമറി അധ്യാപകരുടെ പ്രൊമോഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിൽ പ്രൈമറി അധ്യാപകർക്കുള്ള ഹൈസ്കൂൾ പ്രൊമോഷൻ (എച്ച്.എസ്.ടി ഫിസിക്കൽ സയൻസ്) ലിസ്റ്റിൽ നിന്നും ഇതുവരെ ഏത് റാങ്ക് വരെയുള്ളവർക്കാണ് നിയമനം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | ഫിസിക്കൽ സയൻസ് തസ്തികയിലേയ്ക്കുള്ള പ്രൈമറി അദ്ധ്യാപകരുടെ റാങ്ക് ലിസ്റ്റിൽ നിന്നും ക്രമനമ്പർ 34 വരെ പ്രൊമോഷൻ നൽകിയിട്ടുണ്ട്. |
| (ബി) | പ്രൈമറി അധ്യാപകരുടെ പ്രൊമോഷന് വേണ്ടി കേഡർ സ്ട്രങ്ങ്തിന്റെ എത്ര ശതമാനം നൽകണമെന്നാണ് വ്യവസ്ഥയുള്ളത്; നിലവിൽ പ്രൈമറി അധ്യാപകർക്ക് അവകാശപ്പെട്ടതായി എത്ര ഒഴിവുകളാണുള്ളത്; വ്യക്തമാക്കുമോ; | (ബി) | 15 ശതമാനം, 10 ഒഴിവുകൾ മാറ്റിവെച്ചിരുന്നു. ഇതിൽ നിയമനം നടത്തിയിട്ടുണ്ട്. |
| (സി) | 31-03-2021 ന് എ1/5653/2021 നമ്പരായി വിവരാവകാശ നിയമ പ്രകാരം നൽകിയ മറുപടിയിൽ പ്രൈമറി അദ്ധ്യാപകർക്ക് അവകാശപ്പെട്ടതായി 14 ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ടോ; | (സി) | ഇല്ല. 14 പേർക്കുകൂടി സ്ഥാനക്കയറ്റം ലഭിക്കേണ്ടതുണ്ട് എന്ന മറുപടിയാണ് നൽകി യിട്ടുള്ളത്. |
| (ഡി) | പ്രസ്തുത തസ്തികകളിലേക്ക് പ്രൊമോഷൻ നിയമനം നൽകുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; വിശദമാക്കാമോ; | (ഡി) | പ്രമോഷൻ വൈകുന്ന സാഹചര്യം ജില്ലയിൽ നിലവിലില്ല. |
| (ഇ) | അർഹതപ്പെട്ട പ്രൊമോഷൻ നൽകാതെ വൈകിപ്പിക്കുന്നത് സ്വാഭാവിക നീതി നിഷേധമായിക്കണ്ട് ഉത്തരവാദികൾക്കെതിരെ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഇ) | പ്രമോഷൻ വൈകുന്ന സാഹചര്യം ജില്ലയിൽ നിലവിലില്ല. |

സെക്ഷൻ ഓഫീസർ